**പതിമൂന്നാം കേരള നിയമ സഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2815          02-04-2013 -ലെ മറുപടിക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.ശശി | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ എന്തൊക്കെ വിഷയങ്ങളിൽ പഠനവും പരിശീലനവും നടത്തുന്നുവെന്ന് വെളിപ്പെടുത്തുമോ ; | എ) | പ്രൊമോഷനു മുന്നോടിയായി നൽകപ്പെടുന്ന പ്രോസ്പെക്ടീവ് വില്ലേജാഫീസർ, ഡെപ്യൂട്ടി തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ, പുതുതായി സർവ്വീസിൽ വരുന്നവർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗ്, എൽ.ഡി.സി/യു.ഡി.സി, വില്ലേജാഫീസർ, ഡെപ്യൂട്ടി തഹസീൽദാർ, തഹസിൽദാർ കേഡറിൽ ഉള്ളവർക്കുള്ള റിഫ്രെഷർ കോഴ്സുകൾ, റവന്യൂ റിക്കവറി, ഭൂമിയേറ്റെടുക്കൽ, ഭൂമി വിട്ടൊഴിയൽ, ഭൂമി പതിവ്, സർട്ടിഫിക്കറ്റ്, ഡിസ്ട്രിക്ട് ഓഫീസ് മാന്വൽ, കേരള സർവ്വീസ് റൂൾസ്, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, കോടതി കേസുകൾ, സർവ്വേയും അതിരടയാളവും, ഇലക്ഷൻ, കേരള ബിൽഡിംഗ് റൂൾസ്, പോക്കുവരവ്, വിവരാവകാശം, സേവനാവകാശം, ഭരണഭാഷ മലയാളം, എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള മജിസ്റ്റീരിയൽ കോഴ്സ് തുടങ്ങിയ വിഷയങ്ങളിൽ ഐ.എൽ.ഡി.എം പരിശീലനം നൽകിവരുന്നു. കൂടാതെ ദുരന്തനിവാരണ പ്രവർത്തനങ്ങളിലും വിവിധതരം പരിശീലനം നൽകുന്നുണ്ട്. |
| ബി) | പ്രസ്തുത സ്ഥാപനത്തിൽ ആർക്കൊക്കെയാണ് പരിശീലനവും പഠനവും നടത്താൻ സൗകര്യം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി) | റവന്യൂ - സർവ്വേ വകുപ്പുകളിലെ ജീവനക്കാർക്കാണ് പരിശീലനം നൽകുന്നത്. കൂടാതെ ദുരന്തനിവാരണ വിഭാഗത്തിൽ നിന്നും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകി വരുന്നു. |
| സി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരെ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ; | സി) | ഈ സ്ഥാപനത്തിൽ ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ , പ്രോഗ്രാം |

| | | | |
|---|---|---|---|
| | | | ആഫീസർ, ദുരന്തനിവാരണ വിഭാഗം മേധാവി എന്നിവ സ്ഥിരം തസ്തികകളാണ്. ക്ലറിക്കൽ ജോലികൾ ചെയ്യുന്നത് റവന്യൂ - സർവ്വെ വകുപ്പുകളിൽ നിന്നും ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരാണ്. സ്വീപ്പർ, ഡ്രൈവർ, ഗാർഡ്നർ തുടങ്ങിയ ജോലികൾ ചെയ്യുന്നത് ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരാണ്. |
| ഡി) | പ്രസ്തു സ്ഥാപനത്തിൽ നിയമനം നടത്തുന്ന രീതി എങ്ങനെയെന്ന് വിവരിക്കുമോ ; | ഡി) | ഇവിടെ ഡയറക്ടറായി നിയമിച്ചിട്ടുള്ളത് കെ.എസ്.ആർ. റൂൾ 100 പ്രകാരം സർവ്വീസിൽ നിന്നും വിരമിച്ച ശേഷം പുനർ നിയമനം നൽകിയാണ്. അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, പ്രോഗ്രാം ആഫീസർ തുടങ്ങിയ സ്ഥാനങ്ങളിൽ ജോലി ചെയ്യുന്നത് റവന്യൂ വകുപ്പിൽ നിന്നുമുള്ള ഡെപ്യൂട്ടി കളക്ടർമാരാണ്. |
| ഇ) | നിയമനങ്ങളിൽ സംവരണം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ? | ഇ) | ഈ ആഫീസിൽ സ്ഥിര നിയമനങ്ങൾ ഇല്ലാത്തതിനാൽ സംവരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. |

സെക്ഷൻ ആഫീസർ